## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2178** **23.3.2012-ൽ മറുപടിക്ക്**

## 'ശുചിത്വമിഷൻ' നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാലോട് രവി :<br>" എം.എ.വാഹിദ്:<br>" പി.സി.വിഷ്ണുനാഥ്: | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

എ) 'മാലിന്യമുക്ത കേരളം' കർമ്മപദ്ധതി കാര്യക്ഷമമാക്കുന്നതിന് ശുചിത്വമിഷൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ;

എ) **ഖരമാലിന്യ പരിപാലനം**

1) **നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനങ്ങളുടെ പുനഃരുദ്ധാരണം :** വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലന പ്ലാന്റുകളുടെ പുനരുദ്ധാരണം/ അറ്റകുറ്റപ്പണികൾ/ശേഷി വർദ്ധിപ്പിക്കൽ എന്നിവയും അറവുശാലകളിലെ മാലിന്യസംസ്കരണവുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്.

2) **നിലവിലുള്ള ഖരമാലിന്യ നിക്ഷേപ കേന്ദ്രങ്ങളുടെ പ്രശ്ന പരിഹാരം :** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള നിക്ഷേപ സ്ഥലത്ത് കാലാകാലങ്ങളായിനിക്ഷേപിക്കുന്ന മാലിന്യങ്ങൾ കുന്നുകൂടുന്നതുമൂലം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇത്തരം മാലിന്യ നിക്ഷേപങ്ങൾ ശാസ്ത്രീയമായി മറവ് (capping) ചെയ്യുന്നതിനായി 5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടങ്കൽ തുകയുടെ 50% അല്ലെങ്കിൽ 20 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകി വരുന്നു.

3) <u>റിസോഴ്സ് റിക്കവറി സെന്ററുകൾ</u> <u>(RRC)</u> സ്ഥാപിക്കുന്നതിനുള്ള സഹായം നൽകി പ്ലാസ്റ്റിക് തുടങ്ങിയ അജൈവ മാലിന്യങ്ങളുടേയും പ്ലാസ്റ്റിക് തുടങ്ങിയ ഉൽപ്പന്നങ്ങളുടെ പുനഃചംക്രമണം നടത്താൻ ഇതിൽ ലക്ഷ്യമിടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ചെലവിന്റെ 50%മോ പരമാവധി 15 ലക്ഷം രൂപയോ സാമ്പത്തിക സഹായം നൽകി വരുന്നു.

4) <u>ദ്രവമാലിന്യ പരിപാലന പദ്ധതി</u>യ്ക്കായി മാതൃകാ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ തുകയുടെ 50 ശതമാനം തുകയോ പദ്ധതി നടപ്പിലാക്കുന്നത് സ്ഥപനങ്ങൾക്കാണെങ്കിൽ പരമാവധി 30 ലക്ഷം രൂപയോ ഭാഗിക സാമ്പത്തിക സഹായം ദ്രവമാലിന്യ പ്രശ്നം രൂക്ഷമായ 3 പ്രദേശങ്ങളിലെ സ്ഥാപനങ്ങൾക്കും നൽകുന്ന പരിപാടി നടത്തി വരുന്നു.

II) <u>പൊതുശുചിത്വ സൗകര്യങ്ങൾ</u>

**1) പൊതുശുചിത്വ സൗകര്യങ്ങൾക്കായി നഗരപ്രദേശങ്ങളിൽ വനിതാ വിശ്രമ സമുച്ചയങ്ങൾക്കായി പരമാവധി 7.5 ലക്ഷം രൂപ ധന സഹായം നൽകി വരുന്നു.**

2) വഴിയോര ശുചിത്വസമുച്ചയത്തിനായി നഗരസഭകളിലെ പ്രധാന റോഡുകളോട് ചേർന്ന് വഴിയോര ശുചിത്വസൗകര്യം ഒരുക്കാൻ നഗരസഭകൾക്ക് 2 ലക്ഷം രൂപ വരെ നൽകിവരുന്നു.

**III) മാലിന്യമുക്ത കേരളം കർമ്മ പദ്ധതി**

**1) മാലിന്യമുക്തകേരളം കർമ്മ പദ്ധതി യുടെ ഭാഗമായി** ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള വ്യാപകമായ പ്രചാര

ണം, മറ്റ് ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തിവരുന്നു.

2) **<u>മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യമുക്തകേരളം അവാർഡ്:</u>** സാമ്പത്തിക വർഷത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കണ്ടെത്തി അവാർഡ് നൽകുന്നതായിരിക്കും. മാലിന്യമുക്ത കേരളം അവാർഡിന് കൂടുതൽ പ്രചരണം നൽകികൊണ്ട് കൂടുതൽ അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു.

3) **<u>സ്കൂളുകൾക്കും, അംഗൻവാടികൾക്കും മാലിന്യമുക്തകേരളം അവാർഡ്:</u>** സാമ്പത്തിക വർഷത്തിൽ ജില്ലാതലത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന 2 സ്കൂളുകൾക്ക് മാലിന്യമുക്തകേരളം അവാർഡ് തുകയായി നൽകിവരുന്നു.

4) **<u>ആശുപത്രികൾക്ക് മാലിന്യമുക്തകേരളം അവാർഡ്:</u>**

മികച്ച ശുചിത്വനിലവാരം പുലർത്തുന്ന സർക്കാർ ആശുപത്രികളെ കണ്ടെത്തുന്നതിനും ആദരിക്കുന്നതിനുമായി ജില്ലാതലത്തിൽ മികച്ച രണ്ട് സർക്കാർ ആശുപത്രികൾ അല്ലെങ്കിൽ കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കും രണ്ട് പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും അവാർഡ് നൽകിവരുന്നു.

5) **<u>പൊതുസ്ഥാപനങ്ങൾക്ക് മാലിന്യ മുക്ത കേരളം അവാർഡ്:</u>** സാമ്പത്തിക വർഷത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന താലൂക്ക് തലത്തിലെ ഓരോ ഓഫീസിനും ജില്ലാതലത്തിൽ ശുചിത്വ നിലവാരം പുലർത്തുന്ന മൂന്ന് ഓഫീസു

കൾക്കും സംസ്ഥാന തലത്തിൽ രണ്ട് ഓഫീസുകൾക്കും അവാർഡ് നൽകുന്നു.

ബി) കേരളത്തിന് 'നിർമ്മൽ സ്റ്റേറ്റ്' പദവി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ;

ബി) കേരളത്തിൽ 979 ഗ്രാമപഞ്ചായത്തുകൾക്കും 117 ബ്ലോക്ക് പഞ്ചായത്തുകൾക്കും 8 ജില്ലാപഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ഗ്രാമ /ബ്ലോക്ക് /ജില്ലകൾക്ക് കൂടി നിർമ്മൽ പദവിക്കായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

i) എല്ലാ വീടുകൾക്കും സുരക്ഷിതമായ കക്കൂസ്

ii) എല്ലാ അങ്കൻവാടികൾക്കും ശിശുസൗഹൃദ കക്കൂസുകൾ.

iii) എല്ലാ സ്ക്കൂളുകൾക്കും ആവശ്യമായ ടോയ്ലറ്റ് സൗകര്യം–
പെൺകുട്ടികൾക്കായി ഗേൾഫ്രണ്ട്ലിടോയ്ലറ്റുകൾ

iv) സ്ഥാവരശുചിത്വത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ

v) പൊതു ശൗചാലയങ്ങളുടെ നിർമ്മാണം

vi) ഉറവിടമാലിന്യസംസ്കരണത്തിനാവശ്യമായ സൗകര്യങ്ങൾ നൽകൽ

ഇവ പൂർത്തിയാകുന്നമുറയ്ക്ക് അടുത്ത സാമ്പത്തികവർഷം തന്നെ സ്റ്റേറ്റിന് നിർമ്മൽ പദവി ലഭിക്കുന്നതിനായുള്ള അപേക്ഷ നൽകുന്നതാണ്.

സി) ഇതിനായി സമ്പൂർണ്ണ ശുചിത്വ കാംപെയിനുകൾക്കുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുമോ ?

സി) സമ്പൂർണ്ണ ശുചിത്വ കാംപെയിനുകൾ ഊർജ്ജിതമായി നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ